LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ റൂറൽ ഹെൽത്ത് മിഷൻ

16 (4819) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് ആസ്ഥാനമായി നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി കെട്ടിട സൗകര്യമൊരുക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത കെട്ടിടം ഉദ്ഘാടനം ചെയ്തിരിക്കുന്നതെന്ന് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ഡി) എൻ. ആർ. എച്ച്. എം. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നിലവിൽ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് ആസ്ഥാനമായി നാഷണൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഇതിനായി കെട്ടിട സൗകര്യമൊരുക്കിയിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ഘാടനം 2013 നവംബർ 30-ന് ആരോഗ്യ വകുപ്പുമന്ത്രി നിർവ്വഹിച്ചു.

(ഡി) ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടം പണി പൂർത്തിയാക്കി എൻ.ആർ.എച്ച്.എം. ആരോഗ്യവകുപ്പിന് കൈമാറിയിട്ടുണ്ട്.

ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ്

17 (4820) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സ്പെഷ്യൽ റൂൾസ് ബാധകമല്ലാത്ത തസ്തികകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ;